# ബൈബിൾ ട്രൂത്ത്

AUGUST YEAR: 2023



# THE BIBLE TRUTH

**പിതാവായ ദൈവം**

↓

**പുത്രനായ ക്രിസ്തു മുഖാന്തരം**

↓

**അപ്പൊസ്തലന്മാർക്ക് നൽകി**

↓

**അപ്പൊസ്തലന്മാർ മുഖാന്തരം**

↓

**സർവ്വ ലോകത്തിനും നൽകി**

↓

**ആ രക്ഷാദൂത് സകല മനുഷ്യരും അനുസരിക്കണം**

- *രക്ഷിക്കപ്പെടുന്നവരെ കർത്താവ് സഭയോടു ചേർക്കുന്നു.*
- *നാമധേയ വിഭാഗങ്ങളെല്ലാം ദൈവ പദ്ധതിക്കു പുറത്താണ്.*
- *കൃപയാൽ സൗജന്യമായത്രെ ദൈവം രക്ഷിക്കുന്നത്.*
- *വിശ്വസിക്കുന്നവർ പാപങ്ങളെ വിട്ട് മാനസാന്തരപ്പെടും.*
- *പാപമോചനത്തിന് ക്രിസ്തുവിന്റെ ഉപദേശം അനുസരിക്കണം.*
- *നിത്യജീവന്റെ വചനമാണ് പുതിയ നിയമത്തിലുള്ളത്.*
- *പിതാവിന്റെ ഉപദേശപ്രകാരമാണ് ക്രിസ്തു സംസാരിച്ചത്.*

# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 40 | August 2023 | No. 08

## എഡിറ്റോറിയൽ

ആചാരങ്ങളും അനുഷ്ഠാനങ്ങളും ഓരോ സമുദായത്തിലും വ്യത്യസ്തമാണ്. അവയ്ക്ക് ഒന്നും വാസ്തവത്തിൽ ആധികാരികമായ അടിസ്ഥാനമില്ല എന്നതാണ് വാസ്തവം. ഇവ പിന്നെ എങ്ങനെ നിലവിൽവന്നു, അതിന്റെ ഉദ്ദേശം എന്ത്? അവയ്ക്ക് എന്തെങ്കിലും ധാർമ്മിക മൂല്യമുണ്ടോ എന്നെല്ലാം നാം ചോദിച്ച് ഉത്തരം കണ്ടെത്തേണ്ടതായിട്ടുണ്ട്. ഏതൊരു ആചാരമായാലും അതു മാനുഷികമാണ്. ദൈവത്തിന്റെ പേരിലായാലും ഉത്ഭവം നാം പരിശോധിക്കണം. മനുഷ്യർ ദൈവത്തെ പ്രസാദിപ്പിക്കുവാനായി പല കണ്ടുപിടുത്തങ്ങളും കാലാകാലങ്ങളിൽ കണ്ടുപിടിച്ചിട്ടുള്ള വസ്തുത നാം വിസ്മരിക്കരുത്. മാനുഷ്യകൽപനകൾ അനുസരിച്ചാണെങ്കിൽ അവരുടെ ആരാധന വ്യർത്ഥമാണ് എന്ന് സകല അധികാരവുമുള്ള കർത്താവ് ആണ് അരുളിച്ചെയ്തിരിക്കുന്നത്.

ഇതോടൊപ്പം ആവശ്യമില്ലാത്ത ആചാരങ്ങൾ അനാചാരങ്ങളാണ്. അവയും ദൈവം വാസ്തവത്തിൽ അംഗീകരിക്കുകയില്ല എന്നു നാം അറിയണം. സമുഹത്തിൽ തെറ്റു കുറക്കുവാനും ധാർമ്മിക നിലവാരം ഉയർത്തുവാനുമാണ് ആളുകൾ ഇത്തരം ആചാരങ്ങളെ ആശ്രയിക്കുന്നത്. ദൈവം പറഞ്ഞിരിക്കുന്നത് മനു

ഷ്യരിൽ ആശ്രയിക്കുന്നതിനു പകരം യഹോവയിൽ ആശ്രയിക്കുന്നതാണ് ഉത്തമം. അതുകൊണ്ടേ എന്തെങ്കിലും പ്രയജനം ലഭിക്കയുള്ളു. മനുഷ്യർ ഇത്തരം ആചാരങ്ങളും അനുഷ്ഠാനങ്ങളും നടത്തുന്നത് അജ്ഞത നിമിത്തമാണ്. അതായത് സത്യം അവർ അറിയാൻ ശ്രമിക്കുന്നില്ല. പിശാച് അവരുടെ മനസിനെ കുരുടാക്കി വെച്ചിരിക്കുന്നതാണ് കാരണം. ദൈവത്തെ കാണുവാൻ കഴിയാത്തതുപോലെ ആളുകൾക്ക് പശാചിനേയും കാണുവാൻ സാധ്യമല്ല. ദൈവത്തിന്റെ പരിജ്ഞാനം ഉൾക്കൊള്ളുവാനാണ് ആളുകൾ ശ്രമിക്കേണ്ടത്. സമുദായങ്ങൾക്കോ അവർ രൂപപ്പെടുത്തിയ ചടങ്ങുകളോ ആചാരമോ അനുഷ്ഠാനമോ ചെയ്താൽ ആഗ്രഹങ്ങൾ സാധിക്കും എന്നാണ് ആളുകളുടെ അന്ധമായ വിശ്വാസം. അത് സത്യമല്ല. ദൈവം ആണ് നമ്മെ സൃഷ്ടിച്ചത്, നമുക്ക് ഏറ്റവും നല്ലത് എന്തെന്ന് നമ്മെക്കാൾ കൂടുതൽ ദൈവത്തിനറിയാം.

ആകയാൽ ദൈവത്തെ നമുക്ക് കാണുവാൻ സാധ്യമല്ലെങ്കിലും അവൻ വെളിപ്പെടുത്തിയ തെളിവുകളാൽ നമുക്ക് അവനിൽ വിശ്വസിക്കാം. ദൈവത്തെ പ്രസാദിപ്പിക്കുവാൻ നമുക്ക് വിശ്വാസം ആവശ്യമാണ്. വിശ്വസിക്കാത്തവന് ദൈവത്തെ സ്നേഹക്കുവാനോ, അവൻ വെളിപ്പെടുത്തിയ യാഥാർത്ഥ്യം ഗ്രഹിക്കുവാനോ സാധ്യമല്ല. വിശ്വാസം എന്നു പറയുന്നത് വെറും തോന്നൽ അല്ല അത് ആശ്രയമാണ്. നാം ആശ്രയിക്കേണ്ടത് ദൈവത്തിലും അവന്റെ വചനത്തിലുമാണ്. നിലനിൽക്കാത്ത ഒന്നിലും നാം ശരണം വെക്കരുത്. ദൈവം എന്നേക്കുമുള്ളവനാണ്, ദൈവത്തിന്റെ വചനവും എന്നേക്കുമുള്ളതാണ്. ദൈവാനുരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യർ തങ്ങളെ കുറിച്ചു ശരിയായി മനസിലാക്കിയാൽ തെറ്റായ ആചാരങ്ങളിലേക്ക് തിരിയുകയില്ല.

കർത്താവ് ഈ ഭൂമിയിൽ മനുഷ്യപുത്രനും ദൈവപുത്ര

നുമായി ജീവിച്ചപ്പോൾ പഠിപ്പിച്ച കാര്യങ്ങൾ നാം തിരുവേഴുത്തിൽ നിന്നു കേട്ടു വിശ്വസിക്കയും അത് പ്രമാണിക്കുവാൻ മനസ് വെക്കുകയും ചെയ്യണം. അതിനു തടസമായി നിൽക്കുന്നത് അജ്ഞതയായാലും പാപം ആയാലും അവയെ ഉപേക്ഷിക്കുവാൻ തയ്യാറാകണം. അതിനു തീരുമാനം എടുക്കേണ്ടത് നിങ്ങൾ തന്നെയാണ്. രക്ഷ ദൈവത്തിൽനിന്നു മാത്രമാണ് ലഭിക്കുന്നത്. ദൈവത്തിന്റെ ഹിതം മനസിലാക്കി ജീവിക്കുവാൻ ഇപ്പോൾ അവസരം ലഭ്യമാണ്. പിന്നീട് അത് ലഭിക്കാതെ വന്നേക്കാം. ആകയാൽ ക്രിസ്തു ദൈവപുത്രനാണെന്ന് വിശ്വാസപൂര്വ്വം ഏറ്റുപറഞ്ഞു സ്നാനം ഏൽക്കുക.

✶

## ഉപദേശിക്കപ്പെടാത്തവർ രക്ഷിക്കപ്പെടുമോ?

### J.C. ചോട്ട്

**അ**ജ്ഞരും പഠിക്കാത്തവരും ഉപദേശം ലഭിക്കാത്തവരുമായ ആളുകൾ രക്ഷിക്കപ്പെടുമോ എന്ന വാദഗതി നിലവിലുണ്ട്. ആളുകൾ ദൈവത്തെ കുറിച്ചു അറിയാതിരുന്നാൽ, യേശുക്രിസ്തുവിനെ കുറിച്ചു ഒരിക്കലും അവർ കേട്ടിട്ടില്ലെങ്കിൽ, അവരോടു ക്രിസ്തുവിന്റെ സുവിശേഷം ഒരിക്കലും ആരും പ്രസംഗിച്ചിട്ടില്ലെങ്കിൽ അവർ എങ്ങനെ അവരുടെ ആത്മിയ നഷ്ടത്തെ കുറിച്ചു ബോധമുള്ളവരാകും? രക്ഷയുടെ ആവശ്യം എങ്ങനെ തിരിച്ചറിയും? ക്രിസ്തുവിൽ വിശ്വസിക്കേണ്ടതിന്റെ പ്രാധാന്യം അറിയാത്തവർക്കു എന്തു സംഭവിക്കും എന്നെല്ലാം ആളുകൾ ചോദിക്കാറുണ്ട്. മുകളിൽ പറഞ്ഞ കാര്യങ്ങൾ ഒന്നും അറിയാത്തതുകൊണ്ടു കർത്താവ് ഒരിക്കലും അവരെ ശിക്ഷിക്കുകയോ നരകത്തിലേക്കു അയക്കുകയോ ചെയ്യുകയില്ല എന്ന അന്തിമ തീരുമാനത്തിലെത്തുകയാണ് ഇവർ. എന്താണ് ഇതിലുള്ള ആധികാരിത എന്നു നാം അറിഞ്ഞിരിക്കണം.

ഈ ദയനീയമായ കാര്യകാരണ വിചാരത്തിലെത്തുന്നവരും എല്ലാവരും ഓർമ്മിക്കേണ്ട കാര്യമെന്തെന്നാൽ എല്ലാവരും പാപികളാണ് എന്നും ക്ഷമിക്കപ്പെടാത്ത പാപമാണ് നമ്മെ ശിക്ഷിക്കുന്നതു, അല്ലാതെ ദൈവമല്ല എന്നും തിരിച്ചറിയണം (റോമർ 3:23). നന്മയും തിന്മയും തിരിച്ചറിയാവുന്ന ഏതൊരാളും തിന്മ തിരഞ്ഞെടുത്തു പാപിയായി തീരുമ്പോൾ കുറ്റവാളിയായി തീരുന്നു. അതുകൊണ്ടു അങ്ങനെയുള്ള ഒരാൾക്കും സ്വയമായി നരകശിക്ഷയിൽ നിന്നു ഒഴിഞ്ഞുമാറാവുന്നതല്ല.

ലളിതവും എന്നാൽ ഇതിനു സമാന്തരവുമായ ഒരു ചിത്രീകരണം നോക്കാവുന്നതാണ്. ഒരു മാരകമായ രോഗത്തിനു ലോകത്തെ മുഴുവൻ തുടച്ചു മാറ്റാൻ കഴിയും. മനുഷ്യരിൽ അതു പടർന്നു വ്യാപിക്കും എന്നർത്ഥം. അതിൽ നിന്നുള്ള സംരക്ഷണത്തിനും രോഗത്തിനും ഒരു പ്രതിരോധ മരുന്നും ഇല്ല. ആ രോഗം ബാധിച്ചാൽ മരണം മാത്രമാണ് അവശേഷിക്കുന്നതു. മനുഷ്യർക്ക് ആർക്കും ഒന്നും ചെയ്യുവാൻ കഴിയുകയില്ല. അതേ അവസ്ഥയാണ് പാപത്തെ സംബന്ധിച്ചും.

നിസഹായമായ ഈ ആത്മീയാവസ്ഥയെ തിരിച്ചറിഞ്ഞുകൊണ്ടു നാം, ദൈവം മനുഷ്യനായി ഭൂമിയിൽ വന്നു ക്രൂശിൽ മരിച്ച യേശു ക്രിസ്തുവിനെ ഓർമ്മിക്കുക. രക്ഷയ്ക്കുള്ള വഴി ഒരുക്കുന്നതിനു വേണ്ടിയാണ് അവൻ അതു ചെയ്തതു (യോഹന്നാൻ 14:6). സർവ്വ ലോകത്തിനും ഒരു മോചനത്തിന്റേയും സംരക്ഷണത്തിന്റേയും വഴിയാണ് അവൻ ഒരുക്കിയത്. സൗഖ്യം ലോകത്തിനു സാദ്ധ്യമാക്കി. മരണകരമായ പാപത്തിന്റെ ബാധയിൽ നിന്നു രക്ഷ നേടുവാൻ എല്ലാവർക്കും കഴിയുമാറാക്കി.

എന്നാൽ പാപ രോഗത്തിൽ നിന്നു ക്രിസ്തുവിന്റെ ജഢികമരണവും രക്തവും എങ്ങനെ രക്ഷിക്കും? യേശുവിന്റെ മരണശേഷം അവൻ ഉയിർത്തെഴുന്നേറ്റു, ശിഷ്യന്മാരോടു അരുളിച്ചെ

യ്തതു: നിങ്ങൾ ഭൂലോകത്തിൽ പ്രസംഗിപ്പിൻ; വിശ്വസിക്കുകയും സ്നാനം ഏല്ക്കുകയും ചെയ്യുന്നവർ രക്ഷിക്കപ്പെടും (മർക്കൊസ് 16:15–16). സുവിശേഷമാണ് പ്രതിവിധി എന്നു ചുരുക്കം. അതാണ് ഇന്നു ലോകത്തിനാവശ്യം. സുവിശേഷത്തെ മാറ്റി നിർത്തിയാൽ പാപത്തിനു പരിഹാരമില്ല.

ആകയാൽ പാപത്തിൽ നഷ്ടപ്പെട്ടവരോടു സുവിശേഷം അറിയിക്കേണ്ടതു ക്രിസ്ത്യാനികളുടെ കർത്തവ്യമാണ്.

ആ വാർത്ത കേൾക്കുന്നുവർ സന്തോഷത്തോടെ കൈക്കൊള്ളുകയും അനുസരിക്കുകയും ചെയ്യുമ്പോൾ അതിന്റെ ഫലം അനുഭവിക്കും. വെള്ളത്തിൽ സ്നാനമേൽക്കുമ്പോൾ അവരുടെ പാപങ്ങൾ ക്ഷമിക്കുമെന്ന ദൈവ വാഗ്ദാനം നിറവേറപ്പെടുന്നു. അങ്ങനെ അവരിലുള്ള മരണകരമായ രോഗം ഭേദമാവുകയും അവർ ജീവിക്കുകയും ചെയ്യുന്നു.

പക്ഷേ നാം ഈ സന്ദേശം വിശ്വസിക്കാത്തവരിൽ എത്തിച്ച ശേഷം അവർ ഇതു കേട്ടിട്ടു വിശ്വാസിക്കാതെ തള്ളിക്കളയുകയാണെന്നു വിചാരിക്കുക. അതായതു അവർ കർത്താവിൽ വിശ്വസിക്കുകയോ അവന്റെ ഉപദേശങ്ങളെ അനുസരിക്കുകയോ ചെയ്യുന്നില്ലെങ്കിൽ താത്വികമായി അവർ നഷ്ടപ്പെട്ടവരുടെ പട്ടികയിലാണെന്നു തീർച്ചപ്പെടുത്താം. കാരണം അവർ കർത്താവിന്റെ രക്ഷാമാർഗ്ഗത്തെ നിരസിസിച്ചിരിക്കയാണ്.

മുകളിൽ പറഞ്ഞ കാര്യങ്ങളെയെല്ലാം പരിഗണിച്ചുകൊണ്ടു നമുക്കു ചിലരുടെ ചോദ്യമായ ഉപദേശിക്കപ്പെടാത്തവർ രക്ഷിക്കപ്പെടുമോ എന്ന വിഷയത്തിലേക്കു തിരിയാം. കർത്താവിന്റെ കരുണയെയും ദീർഘക്ഷമയെയുമാണ് അവർ എടുക്കുന്നതു. ഉപദേശം ലഭിക്കാത്തവർ രക്ഷിക്കപ്പെടുമെങ്കിൽ ക്രിസ്തു പാപത്തിനായി മരിക്കേണ്ട ആവശ്യം ഉദിക്കുന്നില്ല;

സുവിശേഷം ലോകത്തിൽ എങ്ങും പ്രചരിപ്പിക്കേണ്ട ആവശ്യം വരുന്നില്ല. നഷ്ടപ്പെട്ട ആളുകൾക്കു രക്ഷാ സന്ദേശം അനിവാര്യമാണ്. അവർ ദൈവ വചനം കേൾക്കേണ്ടതുണ്ട്. അതിനുള്ള അവസരമാണ് ദൈവം ഒരുക്കുന്നത്. സുവിശേഷം എന്നതു ശിക്ഷാ സന്ദേശമല്ല; രക്ഷാ സന്ദേശമാണ്. മാനുഷിക തത്വമനുസരിച്ചല്ല ദൈവം പ്രവർത്തിക്കുന്നതു. ദൈവത്തിന്റെ ആജ്ഞ ആളുകൾ അങ്ങനെ തന്നെ അനുസരിക്കണം.

സുവിശേഷം കേട്ടവർ വിശ്വസിക്കുകയും അനുസരിക്കയും ചെയ്യാതിരുന്നതിനു അവരെ ശിക്ഷക്കും. അനുസരിച്ചവർ അതു മറ്റുള്ളവരെ അറിയിച്ചില്ലെങ്കിൽ അവരെയും ശിക്ഷിക്കും. അതാണ് ദൈവ നീതി. ലോകത്തെ അജ്ഞതയിൽ നിർത്തുവാനല്ല ദൈവം ആഗ്രഹിക്കുന്നതു. എല്ലാവരും ദൈവ പരിജ്ഞാനത്തിലെത്തുവാൻ ദൈവം ഇച്ഛിക്കുന്നു (1 തിമൊഥെയാസ് 2:4).

ലോകത്തിൽ ഒരു മാരക രോഗം പടർന്നു പിടിച്ചാൽ ആ രോഗം ജനസംഖ്യയെ മുഴുവൻ തുടച്ചു മാറ്റിക്കൊണ്ടിരിക്കുമ്പോൾ അജ്ഞത ഏതെങ്കിലും വ്യക്തിയെ രക്ഷിക്കുമോ? അല്ലെങ്കിൽ അറിവില്ലായ്മ രക്ഷക്കോ പ്രതിവിധിക്കോ കാരണമാകുമോ? അതിൽ നിന്നു സൗഖ്യം കിട്ടുന്നതെങ്ങനെ എന്നു ആരും ഒരു വ്യക്തിയോടു പറഞ്ഞിട്ടില്ല എന്ന കാരണത്താൽ രോഗം വരാതിരിക്കുമോ? രോഗം വന്നാൽ മരിക്കാതിരിക്കുമോ? അജ്ഞതയിലും അയാൾ മരിക്കും എന്നതാണ് വാസ്തവം. പാപത്തെ സംബന്ധിച്ചും അതു തന്നെയാണ് യാഥാർത്ഥ്യം.

അജ്ഞത, പാപത്തിൽ നിന്നു ഒരാളെ രക്ഷിക്കുന്നതില്ല. അതുപോലെ അവിശ്വാസം, അനുസരണക്കേട്, അവിശ്വസ്തത, എന്നിവക്കൊന്നും ആരെയും രക്ഷിപ്പാൻ കഴിയുകയില്ല. ഭൗതിക ലോകത്തിൽ പോലും അസംഖ്യം നിയമങ്ങൾ ഉണ്ട്. ആ നിയമങ്ങളെ നാം ലംഘിക്കുമ്പോൾ അറിയാതെ ചെയ്താൽ പോലും

അതിന്റെ അനന്തര ഫലം നാം അനുഭവിക്കേണ്ടി വരും. നിയമ പാലകർ എന്തു പറയുമെന്നോ? നിയമങ്ങൾ ചോദിച്ചറിയുകയും അനുസരിക്കുകയും ചെയ്യേണ്ടതു നമ്മുടെ കടമയാണ് എന്നത്രെ. ദൈവത്തിന്റെ അദൃശ്യമായ ലക്ഷണങ്ങൾ ലോക സ്ഥാപനം മുതൽ അവന്റെ അദൃശ്യ ശക്തിയും ദൈവികത്വവും നമ്മുടെ ബുദ്ധിക്കു തെളിവാകേണ്ടതിനു വെളിപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ടു ആർക്കും യാതൊരു ഒഴിവുകഴിവുമില്ല (റോമർ 1:20).

✶

## ദൈവാശ്രയം ഭയത്തെ നീക്കുന്നു

**ഡേവിഡ്. എം.**

ഉറച്ച ദൈവ വിശ്വാസം നമ്മെ പല വിധത്തിൽ സഹായിക്കും. പലരും ജീവിതത്തിൽ പതറി വീഴുന്നതിന്റെ മുഖ്യ കാരണവും മറ്റൊന്നല്ല. പഴയ നിയമത്തിലേയും പുതിയ നിയമത്തിലേയും ചരിത്ര പുരുഷന്മാർ അവരുടെ ജീവിതത്തിൽ അനുഭവപ്പെട്ടിട്ടുള്ള കാര്യങ്ങൾ നമ്മെ ഉത്തേജിപ്പിക്കുന്നതാണ്. അതുകൊണ്ടു നമുക്കു ധൈര്യമായി പറയാം- കർത്താവു എനിക്കു തുണ ഞാൻ ആരെ പേടിക്കും? മനുഷ്യൻ എന്നോടു എന്തു ചെയ്യും? (എബ്രയാർ 13:6). ദൈവം സർവ്വ ശക്തനാണ്. സംരക്ഷിക്കുകയും സഹായിക്കുകയും ചെയ്യുന്ന ദൈവം അനുവദിക്കാതെ എതിരായി ആർക്കും ഒന്നും ചെയ്യാൻ സാദ്ധ്യമല്ല.

ദൈവത്തിലുള്ള ആശ്രയം നമ്മെ ധൈര്യപ്പെടുത്തുന്നു. നമുക്കു ചുറ്റും ഉള്ളവർ എന്തിനെയെങ്കിലും ചൊല്ലി ഭയപ്പെടുമ്പോൾ നമുക്കു ധൈര്യം പകരുന്നതു ദൈവമാണ്. കടലിൽ നിന്നു അറിയാതെഅടിച്ചുയരുന്ന തിരമാലകൾ പോലെ കുഴപ്പങ്ങൾ

ഒന്നൊന്നായി വന്നാലും യഹോവയായ ദൈവത്തിൽ നങ്കൂരം ഉറപ്പിച്ചവർ ഒരിക്കലും കുലുങ്ങി പോകയില്ല. കടലിൽ നിന്നു കപ്പൽ കരക്കടുപ്പിക്കാൻ കഴിവുള്ളവനാണ് നമ്മുടെ കപ്പിത്താനായ യജമാൻ. അവൻ നമ്മെ നിത്യ തീരമായ സ്വർഗ്ഗീയ വിശ്രമ ദേശത്തേക്കു എത്തിക്കുവാൻ മതിയായവനാണ്. ഇവിടെ നാം അനുഭവിക്കുന്ന അനിശ്ചിതാവസ്ഥയൊ നിരാശയോ ഒന്നും അവിടെ ഓർക്കേണ്ട കാര്യമില്ല. ഒരിക്കലും അവസാനിക്കാത്ത പ്രകാശവും ആനന്ദവുമായിരിക്കും അവിടെ അനുഭവപ്പെടുക.

തന്റെ ഹൃദയത്തിൽ പൂർണ്ണാശ്രയം വെച്ച ഒരാട്ടിടയനായിരുന്നു ബാലനായിരുന്ന ദാവീദ്. ഭയരഹിതമായ വ്യക്തിത്വം എങ്ങനെയായിരിക്കും എന്നതിനു നല്ലൊരു ഉദാഹരണം ആണ് ദാവീദ്. ഒരു അജാനുബാഹു ആയിരുന്ന ഗോല്യാത്ത് വലിയൊരു പർവ്വതത്തിനു മുകളിൽ കയറി ഇസ്രായേൽ ദേശത്തിനെതിരെ വെല്ലുവിളി ഉയർത്തിയപ്പോൾ ഇസ്രായേൽ പടയിൽ ഉണ്ടായിരുന്ന ആളുകളിൽ ദാവീദ് ഒഴിച്ച് എല്ലാവരും ഭയന്നു വിറച്ചു. ഒരു ബാലനായിരുന്നതുകൊണ്ടു ഗോല്യാത്തിനെ എതിർക്കുവാൻ തക്ക ശക്തി അവനില്ല എന്നതു രാജാവായിരുന്ന ശൗൽ പറഞ്ഞു. പക്ഷേ ദാവീദ് രാജാവിനോടു പറഞ്ഞതെന്തെന്നാൽ തന്നെ കരടിയുടെ കയ്യിൽ നിന്നു രക്ഷിച്ച ദൈവത്തിനു ഫെലിസ്ത്യന്റെ കയ്യിൽ നിന്നും എന്നെ വിടുവിപ്പാൻ കഴിയും എന്നത്രെ. ദാവീദ്, ഗോല്യാത്തിനെ നേരിട്ട സമയത്തു വാസ്തവത്തിൽ അവനെ കരുണയില്ലാത്ത വിധം കളിയാക്കി. അവന്റെ മാംസം, ആ ഗോല്യാത്ത് ആകാശത്തിലെ പക്ഷികൾക്കും കാട്ടിലെ മൃഗങ്ങൾക്കും കൊടുക്കും എന്നാണ് പറഞ്ഞതു. എന്നാൽ ദാവീദ്, ശാന്തമായി പറഞ്ഞു: ദൈവം അവനെ ഇന്നു തന്റെ കയ്യിൽ ഏല്പിക്കുകയും അവനും ആ കരടിയെയും സിംഹത്തെയും ആകും എന്ന് (1 ശമുവേൽ 17:32-50).

എതിർപ്പുകളുടേയും തടസങ്ങളുടേയും മദ്ധ്യേ ഒരാൾ തന്റെ ഹൃദയം ദൈവത്തിൽ ഉറപ്പിക്കുന്നുവെങ്കിൽ ഭയം അയാളിൽ നിന്നകലും. നിങ്ങൾക്കു കടുകു മണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോടു നീങ്ങി കടലിൽ പോക എന്നു പറഞ്ഞാൽ സംഭവിക്കും എന്നു കർത്താവു പറഞ്ഞിരിക്കുന്നു. ഇങ്ങനെയുള്ള തടസങ്ങൾ ചിലപ്പോൾ ഗോല്യാത്തിനെപോലെ അസാദ്ധ്യമായി തോന്നാം. ഇതെങ്ങനെ തരണം ചെയ്യും എന്നാലോചിച്ച് നാം വ്യാകുല ചിത്തരായിരിക്കും. എന്നാൽ നമ്മുടെ ആശ്രയം ദൈവത്തിൽ ആണെങ്കിൽ തടസങ്ങളും എതിർപ്പുകളും എത്ര വലുതായാലും അതു നാം അറിയാതെ മാറിപോകുന്നതു കാണാം. പക്ഷേ നാം നമ്മുടെ ബുദ്ധിയിലും കഴിവിലും, ആശ്രയിക്കുന്നതുകൊണ്ടാണ് പരാജയപ്പെടുന്നതു. പൂർണ്ണാശ്രയം ദൈവത്തിൽ അർപ്പിച്ചിരിക്കുന്നവർ ജീവിതത്തിൽ വിജയയികളായി തീരും എന്നതാണ് പരമാർത്ഥം.

യഹോവയിൽ ആശ്രയിക്കുന്നവർ കുലുങ്ങാതെ എന്നേക്കും നില്ക്കുന്ന സിയോൻ പർവ്വതം പോലെയാകുന്നു. ദൈവമാണ് നമ്മുടെ രക്ഷകൻ; അവൻ മുൻപും പിൻപും നമ്മുടെ തുണയാകുന്നു (സങ്കീർത്തനങ്ങൾ 125:1). ദൈവത്തിൽ ആശ്രയം വെക്കുക എന്നു പറഞ്ഞാൽ അവന്റെ വിശുദ്ധവചനത്തെ വിശ്വാസത്തോടെ അനുസരിക്കുക എന്നാണ്. അവന്റെ വചനത്തിൽ നിന്നു മാറാതെ അതിൽ വസിക്കണം. ഭൂമിയിലെ സർവ്വദുഷ്ടാത്മ ശക്തികളും ഒന്നായി എതിരിട്ടാലും നീതിമാനായ ദൈവം നമ്മെ തന്റെ നീതി പാതകളിൽ നിലനിർത്തും. ആശ്രയത്തിലാണ് ശക്തി എന്നു പിശാചിനു നന്നായറിയാം. അതുകൊണ്ടാണ് ആളുകളിൽ സംശയത്തിന്റെ വിത്തു പോകുന്നതു. അതുകൊണ്ടു പിശാചിനോടു എതിർത്തു നില്പാൻ വചനം പഠിച്ച് അതിൽ സ്ഥിരത പൂണ്ടു ജീവിക്കുക.

✶

# പ്രസംഗം തൊഴിലോ കഷ്ടാനുഭവമോ?

ജോണി. ആർ.

പ്രസംഗം എല്ലാ ദിക്കിലും എത്തിക്കേണ്ട ആവശ്യകത ഏറിയതാകയാൽ പലപ്പോഴും സഹോദരങ്ങൾ അതിന്റെ യഥാർത്ഥ വീര്യം നഷ്ടപ്പെടുത്തുന്നു എന്നു സംശയിക്കപ്പെടുന്നു. ഒരു സുവിശേഷകൻ തന്റെ ശുശ്രൂഷയുടെ പൂർണ്ണ തെളിവു പ്രകടിപ്പിക്കേണ്ടതാണല്ലോ. കർത്താവിന്റെ ദാസൻ തന്റെ ദൗത്യ നിർവ്വഹണത്തിൽ വെള്ളം ചേർക്കാൻ പാടില്ല (2 തിമൊഥെയൊസ് 4:15). നാം എല്ലാവരും മനസിലാക്കേണ്ടതു സുവിശേഷ പ്രസംഗം ഒരു പീഢാനുഭവമാണ്. അല്ലാതെ വെറുമൊരു തൊഴിൽ അല്ല. നാമധേയ വിഭാഗങ്ങൾ അവരുടെ ഉപദേഷ്ടാക്കന്മാരെ പാസ്റ്റർമാരായി നിയമിക്കുകയും സഹോദരരുമായി കാപ്പി കുടിക്കുന്നതിനും രാഷ്ട്രീയ, സാമുഹ്യ കാര്യങ്ങളിൽബദ്ധശ്രദ്ധാലുക്കൾ ആക്കുകയും ചെയ്യുന്നു. അത്തരം ആശയങ്ങൾ ഒന്നും ബൈബിൾ നമ്മെ പഠിപ്പിക്കുന്നില്ല. എങ്കിലും ദശലക്ഷക്കണക്കിനു ആളുകൾ അങ്ങനെ വിശ്വസിക്കയും പ്രവർത്തിക്കയും ചെയ്യുന്നു.

കർത്താവിന്റെ സഭയിൽ പോലും ആയിരക്കണക്കിനു സഹോദരങ്ങൾ ഇത്തരം ഗൗരവമുള്ള കാര്യങ്ങളിൽ തെറ്റായി നയിക്കപ്പെടുന്നുണ്ട്. നാം ലോകത്തെ സുവിശേഷീകരിക്കാൻ

ശ്വാസിയമായ വചനം തന്നെ വേണം. അറ്റൊരു ഉപാധിയും ഇതിനു പകരമില്ല.

ഈ ഭൂമിയിലെ നമ്മുടെ ജീവിത കാലയളവിൽ ജീവിക്കുവാൻ നമുക്കു ശക്തമായ ദൈവ വചനം വേണമെന്നു ഇതിൽ നിർദ്ദേശിക്കുന്നു. ആത്മാവിനെ നിലനിർത്തുവാനും ആരോഗ്യം ആഗ്രഹിക്കുന്നുവെങ്കിൽ നാം പുതിയ നിയമ ഉപദേശത്തിലേക്കു

മടങ്ങി വരണം. സുവാർത്താ പ്രഖ്യാപനത്തിനു ആ മാതൃകയാണ് നാം എടുക്കേണ്ടതു. ബൈബിൾ വായിച്ച്, പഠിച്ച്, പ്രാർത്ഥിച്ച്, പ്രബോധിപ്പിക്കേണ്ടവർ, അതിനുപകരം സാമൂഹ്യവും ലൗകികവുമായ കാര്യങ്ങളിൽ ഊന്നൽ കൊടുക്കുമ്പോൾ ക്രിസ്തുവിന്റെ നാമത്തിനും ക്രിസ്ത്യാനിത്വത്തിനും ഭീഷണിയാകുന്നു (1 തിമൊഥെയൊസ് 4:12–16). മുൻഗണനാക്രമം മാറി പോകുമ്പോൾ ഫലത്തിലും വ്യത്യാസം വരുമെന്നോർക്കണം.

പൂർവ്വകാല പ്രവാചകന്മാർക്കു തുല്യരാണ് ഇന്നത്തെ ഉപദേഷ്ടാക്കന്മാർ. അവരുടെ മുഖ്യ പ്രവൃത്തി ഏതെന്നു അവർ മനസിലാക്കിയിരിക്കണം. ദൈവത്തിന്റെ സന്ദേശം, നഷ്ടപ്പെട്ടു മരിച്ചുകൊണ്ടിരിക്കുന്ന ലോകത്തിലെ ആത്മാക്കൾക്കു ലഭിക്കണം. അതിനാണ് ദൈവം അവരെ നിയോഗിക്കുന്നതു (യിരെമ്യാവ് 20:9; 22:29). ഇതു പലരും കാര്യമായെടുത്തു കാണുന്നില്ല.

ദേശമേ, ദേശമേ, യഹോവയുടെ വചനം കേൾക്ക! ഈ ആളെ മക്കളില്ലാത്തവൻ എന്നും ആയുഷ്ക്കാലത്തു ഒരിക്കലും ശുഭം വരാത്തവൻ എന്നും എഴുതുവിൻ: ഇനി ദാവിദിന്റെ സിംഹാസനത്തിൽ ഇരുന്നു യെഹൂദയിൽ വാഴുവാൻ അവന്റെ സന്തതിയിൽ യാതൊരുത്തന്നും ശുഭം വരികയില്ല എന്നു യഹോവ അരുളിച്ചെയ്യുന്നു. മനുഷ്യൻ എവിടെ കാണപ്പെടുന്നുവോ അവിടെ കർത്താധി കർത്താവും രാജാധി രാജവുമായ ക്രിസ്തുവിന്റെ സുവിശേഷം ആവശ്യമാണ്. അതു സാദ്ധ്യമാക്കുവാൻ സുവിശേഷ പ്രചരണം കൂടിയേ തീരു.

വെള്ളം സമുദ്രത്തിൽ നിറെഞ്ഞിരിക്കുന്നതുപോലെ കർത്താവിന്റെ സുവിശേഷം ഭുമിയിൽ എല്ലാ ദിക്കിലും നിറെയേണ്ടതുണ്ട്. സമയത്തിലും അസമയത്തിലും സുവിശേഷകന്മാർ അതിനു തയ്യാറാകണം. ഒരു ദൈവ ദാസൻ അഥവാ യഥാർത്ഥ ദൈവ പൈതലിനു പറയാതിരിക്കാൻ പറ്റാത്ത ഒന്നാണ്

സുവിശേഷീകരണം. സുവിശേഷം അറിയിക്കാതിരുന്നാൽ എനിക്ക് അയ്യോ കഷ്ടം എന്നാണ് അപ്പൊസ് തലനായിരുന്ന പൗലോസ് പറഞ്ഞത് (1 കൊരിന്ത്യർ 9:16).

ഒരുപദേഷ്ടാവ് ആരായിരിക്കരുത്, ഒരു ഔദ്യോഗിക വക്താവ് ആയിരിക്കരുത്. പഴയ നിയമ പ്രവാചകന്മാരായ ആമോസ്, യിരെമ്മ്യാവ്, ഹബക്കുക്ക് എന്നിവരിൽ ഒന്നും ആകർഷണിയമായ പള്ളികളോ വില കൂടിയ വസ്ത്രങ്ങളോ ഉണ്ടായിരുന്നില്ല. അരമണിക്കൂറോ അല്ലെങ്കിൽ ഒരു മണിക്കൂറോ പ്രസംഗിച്ചു തീർന്നശേഷം തങ്ങളുടെ വേതനം കൈപറ്റി പോകുന്ന വെറും ഉദ്യോഗസ്ഥരായിരിക്കരുത് യഥാർത്ഥ ഉപദേഷ്ടാക്കന്മാർ.ആളുകൾ എന്തു വിചാരിക്കുമെന്നു കരുതിയാകരുത് അവർ സ്വർഗ്ഗീയ സന്ദേശം അറിയിക്കേണ്ടത്. ഒരു ഔദ്യോഗിക വക്താവായി മാത്രം അറിയപ്പെടുന്ന നാമധേയ ചിന്താഗതി കർത്താവിന്റെ സഭയിലെ ഉപദേഷ്ടാക്കൾക്ക് ഉണ്ടാകരുത്.

തത്തമേ പൂച്ച പൂച്ച എന്നു പറയുന്ന തത്തപോലെ ആകരുത്. നീണ്ടകൊക്കുള്ള പക്ഷിയെ പോലെ ചികഞ്ഞു തിന്നുന്ന സ്വഭാവം ഉള്ളവനാകണം. അതായതു പൂർവ്വ പിതാക്കന്മാരുടെ വചനകളെ അങ്ങനെ തന്നെ കടമെടുക്കുന്നവർ ആകാതെ വചനത്തിലേക്കു ആഴമായി ഇറങ്ങിചെന്നു അന്താർത്ഥം ജനങ്ങളുടെ ഹൃദയങ്ങളിൽ എത്തിക്കണം. എങ്കിലേ വ്യക്തിപരമായി പ്രസംഗത്തിന്റെ ശക്തി മറ്റുള്ളവർക്കു അനുഭവിക്കാൻ പറ്റു.

നാം മറ്റു ഉപദേഷ്ടാക്കന്മാരുടെ രൂപരേഖകളും പഠന സഹായികളും സ്വീകരിക്കാറുണ്ട്. പക്ഷേ രണ്ടാമതു ഉപയോഗിക്കുന്ന ഒരു ശൈലി പിൻപറ്റരുത്. നാം ബൈബിൾ പറയുന്നതായിരിക്കണം വിശ്വസിക്കേണ്ടതു. അല്ലാതെ മറ്റു സുവിശേഷകരുടെ ആശയങ്ങളല്ല. അതിന്റെ അർത്ഥം നാം അതിനെ കുറിച്ച് ശരിയായ പഠനം നടത്തിയിരിക്കണം എന്നത്രെ. ക്രിയാത്മകമായ വിമർശനത്തെ അഭിമുഖീകരിക്കുന്നതിൽ പരാജയപ്പെടുന്നതാണ്

ഉപദേഷ്ടാക്കൾക്കു സംഭവിക്കുന്ന കുഴപ്പം. നാം പറയുന്നതെന്തും നമ്മുടെ അഭിപ്രായം പോലും അതേപടി എല്ലാവരും സ്വീകരിക്കണമെന്നു വാശി പിടിക്കരുത്. അതു തികച്ചും ബാലിശമാണ്. കാരണം നാം ഉപദേഷ്ടാക്കന്മാരും മനുഷ്യരാണ്. നാം ആത്മാർത്ഥതയുള്ളവരാണെങ്കിൽ സത്യസന്ധമായ വിമർശനത്തെ നാം അംഗീകരിക്കും. നമുക്കും തെറ്റു പറ്റാമെന്നു തിരിച്ചറിയണം. നമ്മുടെ ഏക മഹാപുരോഹിതൻ മാത്രമെ പൂർണ്ണതയുള്ളവനായിട്ടുള്ളു.

ശക്തമായ ഉറപ്പ് നമ്മിലില്ലെങ്കിൽ നാം ഏറേ കാലം സുവാർത്താ സുവിശേഷകരമായി നിലനില്ക്കുകയില്ല. നാം മധുരമായി സംസാരിക്കണമെന്ന് ഭൂരിഭാഗം പേരും ആഗ്രഹിക്കുന്നത്. നാം അങ്ങനെ ചെയ്യുമ്പോൾ അവർ നമ്മെ പുകഴ്ത്തും (യെശയ്യാവ് 30:10;1 തെസലൊനിക്യർ 2:5). ദുരുപാദേഷ്ടാക്കൾ മാത്രമെ ജനസമുഹത്തിൽ അറിയപ്പെടുകയുള്ളു എന്നു യേശു തന്നെ മുന്നറിയിച്ചിട്ടുണ്ട് (ലുക്കൊസ് 6:26). നാം സത്യം മനസിലാക്കി അറിഞ്ഞു പ്രസംഗിക്കുമ്പോൾ ബലീഹീനന്മാർക്കു അതു ഇടർച്ചയായി തോന്നും. നാം മനുഷ്യരെയല്ല ദൈവത്തെയാണ് പ്രസാദിപ്പിക്കേണ്ടതു എന്നോർക്കുക. കർത്താവിനോടു വിധേയത്വം പുലർത്തി സത്യം മാത്രം അറിയിക്കുന്ന ഒരാൾക്കു ജനങ്ങളുടെ കയ്യടിയോ ട്രോഫിയോ കിട്ടുകയില്ല. യോഹന്നാൻ സ്നാപകനോടും യിരെമ്മ്യാവിനോടും ചോദിച്ചാൽ അതു മനസിലാകും. ഒിശ്വസ്തരായ സുവിശേഷകർക്കു നീതിയുടെ കിരീടം പ്രതിഫലമായി കിട്ടും എന്നതു ഉറപ്പാണ് (ഗലാത്യർ 1:10; 4:16).

നാം ദൈവത്തിന്റെ അരുളപ്പാട് മാത്രം പ്രസ്താവിക്കുമ്പോൾ അതു കേൾക്കുന്നവർക്കു പ്രയോജനപ്പെടും (1പതോസ് 4:11). നിർമ്മല സത്യം തുറന്നു സംസാരിക്കുമ്പോൾ നാം ശക്തരായ സന്ദേശ വാഹകരായിരിക്കും.

★

# സാത്താൻ ആരാണ്?

റോബർട്ട് എം.

ഏതൊരു ചോദ്യത്തിനും ശരിയായ ഉത്തരം കണ്ടെത്തുവാൻ നാം ബൈബിളിനെ ആശ്രയിക്കണം. മനുഷ്യന്റെ ഏറ്റവും വലിയ ശത്രുവാണ് സാത്താൻ. അവന്റെ സൂത്രങ്ങൾ നാം അറിഞ്ഞിരിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു. സൂത്രശാലിയായ പിശാചിന്റെ തന്ത്രപരമായ പ്രവർത്തനങ്ങൾ ആണ് മനുഷ്യരേയും ദൈവത്തേയും തമ്മിൽ ഭിന്നിപ്പിക്കുന്നത്. (2 കൊരിന്ത്യർ 2:11: എഫെസ്യർ 6:11-17). കുറച്ചുകൂടെ പറയുകയാണെങ്കിൽ സാത്താൻ നമ്മുടെ വഴി മുടക്കിയാണ്. നന്മയിലേക്കു തിരിയുന്നവരെ അവൻ തടുക്കും എന്നു അപ്പൊസ്തലനായ പൌലോസ് പറയുന്നു. (1 തൊസലൊനിക്യർ 2:18) സാത്താൻ ഒന്നാം നൂറ്റാണ്ടിൽ അപ്പൊസ്തലനായിരുന്ന പൌലോസിന്റെ സേവനത്തെയും അന്നത്തെ ചില ക്രിസ്ത്യാനികളെയും തടുത്തുവെങ്കിൽ ഇന്നും അവൻ നമ്മുടെ സേവനത്തെയും ദൈവവചനാനുസരണത്തെയും തടയും എന്നതു സ്പഷ്ടമാണ്.

ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരുവിധത്തിൽ എല്ലാവരും ആത്മീയ പോരാട്ടത്തിലാണ്. അതുകൊണ്ടു എതിരാളിയെ കുറിച്ച് നാം ബോധ്യമുള്ളവരായിരിക്കണം. പിശാച് അലറുന്ന സിംഹം പോലെ ആരെ വിഴുങ്ങേണ്ടു എന്നു നോക്കി അലഞ്ഞു നടക്കുകയാണ് എന്നു പത്രൊസ് നമ്മെ മുന്നറിയിക്കുന്നുണ്ട്. (1 പത്രൊസ് 5: 8) സാത്താനെ കുറിച്ചു വെളിപ്പെടുത്തിയിട്ടുള്ള ചില യാഥാർത്ഥ്യങ്ങളെ നമുക്കു ശ്രദ്ധിക്കാം.

പല പേരുകളാൽ സാത്താൻ അറിയപ്പെടുന്നുണ്ട്. അവനെ സാത്താൻ എന്നു വിളിച്ചിട്ടുണ്ട്. (ഇയ്യോബ് 1:6-1 ദിനവൃത്താന്തം 21: 1 സെഖര്യാവ് 3:1; ലൂക്കോസ് 22:31) പിശാച് (മത്തായി 13:39).

യോഹന്നാൻ വിവരിച്ചിരിക്കുന്നത് ഈ ലോകത്തിന്റെ പ്രഭുവായിട്ടാണ് (യോഹന്നാൻ 12:31,14:30,16:11) ഈ ലോകത്തിന്റെ ദൈവം ആയിട്ട് പൌലോസ് ചിത്രീകരിക്കുന്നു (2 കൊരിന്ത്യർ 4:4). മത്തായിയുടെ വിവരണത്തിൽ പറഞ്ഞിരിക്കുന്നതു ദുഷ്ടൻ എന്നാണ്. (മത്തായി 13:39) ഭോഷ്ക്കു പറയുന്നവനും അവന്റെ അപ്പനും ആകുന്നു എന്നു കർത്താവു പറഞ്ഞിരിക്കുന്നു. (യോഹന്നാൻ 8:44) കുറ്റാരോപണം നടത്തുന്നവനാണ് പിശാച് (ഇയ്യോബ് 1:6 –7:9–12: വെളിപ്പാട് 13:10).

ആളുകളെ ദൈവത്തിൽ നിന്നും പിന്തിരിക്കുവാൻ പിശാച് പ്രവർത്തിക്കുന്നുണ്ട്. അവൻ ഇതു നേരിട്ടു പ്രവർത്തിക്കുകയല്ല. പരോക്ഷമായി പ്രവർത്തിക്കും. ആദ്യം പരീക്ഷണമായി നമ്മിൽ പാപം ചെയ്യുവാനുള്ള അവസരം ഒരുക്കും. പിന്നീട് ആ മോഹത്തിനു നാം ഇരയായി തീരുന്നു. (1 യോഹന്നാൻ 2:15–17) നമുക്കു നേരിടുന്ന പരീക്ഷണത്തെ മൂന്നായി തരം തിരിച്ച് പ്രസ്താവിച്ചിട്ടുണ്ട്. ജഢമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം എന്നിവയാണവ. പരീക്ഷണങ്ങളും പരിശോധനകളും വരുമ്പോൾ നാം ഓർത്തിരിക്കേണ്ട കാര്യം ദൈവം ദോഷങ്ങളാൽ പരീക്ഷിക്കുന്നവനല്ല എന്നതാണ്. ഓരോരുത്തൻ പരീക്ഷിക്കപ്പെടുന്നതു സ്വന്ത മോഹത്താൽ ആകർഷിച്ചു വശീകരിക്കപ്പെടുകയാൽ ആകുന്നു. മോഹം ഗർഭം ധരിച്ചു പാപത്തെ പ്രസവിക്കുന്നു. പാപം മുഴുത്തിട്ടു മരണത്തെ പെറുന്നു. എന്റെ പ്രിയ സഹോദരന്മാരേ, വഞ്ചിക്കപ്പെടരുത് (യൊക്കൊബ് 1:13–16).

ആത്മീയമായി സാത്താൻ നമ്മെ അന്ധരാക്കി മാറ്റും എന്നു പൌലൊസ് പറഞ്ഞിട്ടുണ്ട്. ദൈവപ്രതിമയായ ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിപ്പാൻ ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസു കുരുടാക്കി (2 കൊരിന്ത്യർ 4:4 സാത്താൻ നേരിട്ടു വന്നു നമ്മുടെ കാഴ്ച

ഇല്ലാതാക്കുകയല്ല ചെയ്യുന്നതു. പിന്നെയോ നമ്മുടെ കാഴ്ച ശരിയായതിൽ നിന്ന് മറ്റൊന്നിലേക്കു തിരിച്ചു വിടുന്നു. അപ്പോൾ നാം കാണേണ്ടതു കാണുന്നില്ല. ഇന്നു ഭൂരിഭാഗം പേർ ആത്മീയ കാഴ്ച നഷ്ടപ്പെട്ടവരാണ്, പിശാച്, താൽക്കാലികമായ ആകർഷണ വലയത്തിൽ കുടുക്കുകയാണ് ചെയ്യുന്നത്. അങ്ങനെ നിത്യമായ നമ്മുടെ ഭാഗ്യം അവൻ ഇല്ലാതാക്കുന്നു. ലോകപ്രകാരമുള്ള ജീവിത സുഖത്തിലേക്കു നമ്മുടെ ശ്രദ്ധയും കരുതലും മാറുമ്പോൾ ആത്മീയമായി നാം ചിന്തിക്കാതിരിക്കും. അവിടെയാണ് പിശാച് വിജയിക്കയും മനുഷ്യർ പരാജയപ്പെടുകയും ചെയ്യുന്നത്.

ദുരുപദേശങ്ങൾ, മാനുഷികമായ ഉപദേശങ്ങൾ, അനാചാരങ്ങൾ, ദൈവ നിയമത്തിനു വിരുദ്ധമായ പ്രവണതകൾ എന്നിവയെല്ലാം സാത്താന്റെ തന്ത്രങ്ങളാണ്. ശരിയായ സത്യത്തെ അൽപമൊന്നു മാറ്റിയാൽ ആരും അതത്ര കാര്യമാക്കുകയില്ല എന്നതാകാം അവൻ ചിന്തിക്കുന്നത് മനുഷ്യർ അതു അങ്ങനെ വിശ്വസിച്ചു കൈക്കൊള്ളും എന്നു പിശാചിനറിയാം. മനുഷ്യരെ തെറ്റിക്കുവാൻ പിശാച് തന്റെ എല്ലാ സൂത്രവഴികളും ഉപയോഗിക്കും. സഹോദരങ്ങളെ തമ്മിൽഭിന്നിപ്പുണ്ടാക്കി അവരെ ദൈവത്തിൽ നിന്നകറ്റും. ബന്ധുക്കളിലും കുടുംബാംഗങ്ങളിലും ദൈവവചനം അനുസരിക്കാതിരിക്കുന്നവരിൽ അവൻ പ്രവേശിച്ച് ദൈവ മക്കളെ പ്രലോഭിപ്പിച്ച് പിന്തിരിപ്പിക്കും. അതു തിരിച്ചറിയുവാനുള്ള പരിജ്ഞാനം നമ്മിൽ വേണം. ബലഹീനരുടെ ബലഹീനത അവൻ ചൂഷണം ചെയ്യും.

സാത്താൻ കുലപാതകനും ഭോഷ്ക്കു പ്രചരിപ്പിക്കുന്നവനുമാണ്. ലോകത്തിൽ പാപവും പാപത്താൽ മരണവും കടത്തിവിട്ടതു അവനാണ്. വഞ്ചനയിലൂടെ അവൻ മരണത്തിനിടയാക്കിയതാണ്. ചോദ്യങ്ങൾ ചോദിച്ചു ദുരൂഹത സൃഷ്ടിച്ച ആളുകളെ വഞ്ചിക്കുകയാണ് സാത്താൻ. വിശ്വാസക്കുറവുള്ളവരുടെ

ഹൃദയത്തിൽ സംശയം ചെലുത്തുകയും അവരെ അവിശ്വാസത്തിലേക്കു മാറ്റുകയും ചെയ്യും. അതുകൊണ്ടു നാം ഉണർന്നിരിക്കണം. സാത്താൻ നോക്കുന്നതു മനുഷ്യന്റെ ആത്മാവിനെയാണ്. പ്രപഞ്ച വസ്തുക്കളെ കാണിച്ച് മോഹിപ്പിച്ച് വിലയേറിയ ആത്മാവിനെ അവൻ നശിപ്പിക്കുന്നു. സർവ്വലോകത്തെക്കാളും വിലയുള്ളതാണ് നമ്മുടെ ആത്മാവ്, ആ ഒരു ആത്മീയ പരിജ്ഞാനം നമ്മിൽ നിലനിർത്തണം.

ഈ ആത്മീയ യുദ്ധത്തിൽ നാം എടുക്കേണ്ട ആയുധം ശാരീരികമോ ലൗകികമോ ആകരുത്. കാരണം നമ്മുടെ പോരാട്ടം ജഡ രക്തങ്ങളോടല്ല. ദുഷ്ടാത്മസേനയോടാണ്.

✶

## ക്രിസ്തുവിന്റെ മാതൃക

**ജോൺ ജി.**

കീഴ്പ്പെടുന്ന മനോഭാവം ഇന്നു സമൂഹത്തിൽ പൊതുവെ അംഗീകരിക്കപ്പെടാതിരിക്കുന്ന ഒരു ഗുണമാണെന്നു പറയാം. കഴിവില്ലായ്മ, ബലഹീനത, എന്നൊക്കെ ഇതിനെ ആളുകൾ വിലയിരുത്താറുണ്ട്. അപമാനവും നഷ്ടവും എല്ലാം ഇതിന്റെ ഫലമായി ഉണ്ടാകാം. ശക്തിക്കും ശേഷിക്കുമാണ് സമൂഹം ഊന്നൽ കൊടുക്കുന്നത്. താഴ്മ ധരിക്കുന്നതിനല്ല. സമൂഹത്തിൽ മാന്യന്മാരായവർ സ്വയം ഒന്നും നഷ്ടപ്പെടുത്താതെ ശക്തിയും അധികാരവും ഉപയോഗിച്ച് കാര്യം സാധിക്കുന്നു, വേറൊരു രീതിയിൽ പറഞ്ഞാൽ കീഴ്പെടുന്നതിനു പകരം അവർ മറ്റുള്ളവരെ കീഴ്പ്പെടുത്തുകയാണ് ചെയ്യുന്നത്.

എങ്ങനെയായാലും കീഴ്പെടൽ ഒരു പരാജയമായി തോന്നേണ്ട ആവശ്യമില്ല. കീഴ്പെടൽ ബലഹീനതയായി തെറ്റി

ഢരിക്കേണ്ടതുമില്ല. അതു മറ്റുള്ളവർക്കു നമ്മെ ചവിട്ടിമെതിക്കാൻ നാം അനുവദിക്കയാണ് എന്നും തോന്നരുത്. ശക്തനായ ഒരാൾക്കു വിനയപൂർവ്വം ജീവിക്കാൻ കഴിയും. കീഴ്പ്പെടുന്നതിനുള്ള ഏറ്റവും വലിയ ഉദാഹരണം നമുക്കു യേശുക്രിസ്തുവിൽ കണ്ടെത്താൻ കഴിയും. ഈ ലോകത്തിന്റെ തന്നെ പരമാധികാരിയും സർവ്വത്തിന്റെയും സൃഷ്ടിതാവുമായ യേശുവിന്റെ മനോഭാവം വിനയത്തോടുകൂടിയുള്ളതായിരുന്നു. അവൻ ഈ ഭൂമിയിൽ ജീവിച്ചിരുന്ന സമയത്തൊക്കെയും അതു പ്രാവർത്തികമായിരുന്നു.

## ക്രിസ്തുവിന്റെ കഷ്ടത

മറ്റുള്ളവരിൽ നിന്നു നമുക്കു കഷ്ടതയും വേദനയും ഉണ്ടാകുമ്പോൾ നാം ഓർക്കേണ്ടതു നമുക്കു വേണ്ടി ഒരു മാതൃക വിട്ടേച്ചുപോയ ക്രിസ്തുവിനെയാണ്. സഹിഷ്ണുത എന്ന മനോഗുണം നാം അവനിൽ നിന്നു പഠിക്കണം. പാപം ചെയ്യാതെ ജിവിച്ച യേശുവിന്റെ വായിൽ നിന്നു ഒരു വഞ്ചനപോലും വന്നിരുന്നില്ല. (1 പത്രൊസ് 2:2125) നാം കുറ്റം ചെയ്യാതെ കഷ്ടം സഹിക്കുകയാണെങ്കിൽ നമ്മുടെ ഭാഗത്തു ദൈവം ഉണ്ടാകും. നീതിക്കുവേണ്ടി ഉപദ്രവം സഹിച്ചാൽ നാം ഭാഗ്യവാന്മാർ എന്നു വിളിക്കപ്പെടും. അഥവാ ദൈവം നമ്മെ അംഗീകരിക്കും. ക്രിസ്തുയേശുവിന്റെ നാമം ധരിച്ചിട്ടു നാം കഷ്ടം ഏൽക്കേണ്ടിവന്നാൽ ലജ്ജിക്കരുത്. ആ നാമം ധരിച്ചിട്ടു നാം സന്തോഷിക്കയത്രെ വേണ്ടത്. ക്രിസ്തുവിന്റെ കഷ്ടത്തിൽ നാം പങ്കുകാരാകുന്തോറും നാം സന്തോഷിക്കയാണ് വേണ്ടത്. ഒരിക്കലും നാം നിരാശപ്പെടുകയല്ല വേണ്ടത്. (1 പത്രൊസ് 4:13-14). ക്രിസ്ത്യാനിയായിട്ടു കഷ്ടം സഹിക്കേണ്ടി വന്നാൽ നാം ഒരിക്കലും ലജ്ജിക്കരുത്. നാം ദൈവത്തെ മഹത്വപ്പെടുത്തുകയാണ് വേണ്ടത്.

നാം കർത്താവിന്റെ കാൽപാടുകളെ പിൻപറ്റേണ്ടതിനാണ്

അവൻ നമുക്ക് ഒരു മാതൃക വിട്ടേച്ചു പോയതു. അനീതി പ്രവർത്തിക്കുന്നവരിൽ നിന്നു നീതിമാൻമാർക്കു നേരിടുന്ന ഉപദ്രവം നാം നീതിയോടെ നേരിടണം. അതിനു നമുക്കു സഹന ശക്തിവേണം. ആ ഉദ്ദേശം നിറവേറ്റുവാനായി യേശു നമുക്കു മാതൃക തന്നിട്ടുണ്ട്. ഇവിടെ ഉപയോഗിച്ചിരിക്കുന്ന മാതൃക എന്ന പദം വളരെ ലളിതമാണ്. ഒരുബാലൻ പകർത്തെഴുത്തു നടത്താറുണ്ട്. മറ്റൊന്നു നോക്കി അതുപോലെ എഴുതി പഠിക്കുകയാണ് കുട്ടികൾ ചെയ്യുന്നത്. അതുപോലെ തന്നെ ക്രിസ്തു നമുക്കു ജിവിതത്തിൽ അനുകരിക്കാനായി തന്നിരിക്കുന്ന മാതൃക അതേ പോലെ പിൻപറ്റണം (1 പത്രൊസ് 2:21). ക്രിസ്തീയ ജീവിത പാതയിൽ നാം നമ്മുടെ പെരുമാറ്റവും മനോഗുണവും യേശുവിന്റേതായി അടുക്കുന്നുണ്ടോ? നാം പരിശോധിക്കേണ്ടിയിരിക്കുന്നു.

നാം പിൻപറ്റേണ്ടതിനു തന്നിരിക്കുന്ന മാതൃക അവന്റെ കാൽപാടുകളാണ്. അവൻ നടന്നതുപോലെ നാം നടക്കണം. കൊച്ചുകുട്ടികൾ നടക്കുമ്പോൾ അപ്പന്റെയും അമ്മയുടെയും കാലടി നോക്കി നടക്കുന്നതു നിങ്ങൾ കണ്ടിരിക്കുമല്ലോ. തെളിഞ്ഞു കാണുന്ന ക്രിസ്തുവിന്റെ കാലടികളെ നോക്കി നടന്നാൽ നാം തെറ്റുകയില്ല. അവൻ നടന്ന പാതയിലുടെയാണ് നാം സഞ്ചരിക്കേണ്ടത്. പലരും ജീവിതത്തിൽ ഇടറി വീഴുന്നതു അവർ പാത തെറ്റി നടക്കുന്നതുകൊണ്ടാണ്. കർത്താവിന്റെ അനുഭവത്തെ അവൻ നേരിട്ടതു നാം ശ്രദ്ധിക്കണം. തനിക്കു കഷ്ടം നേരിട്ടപ്പോൾ യേശു എന്താണ് ചെയ്തത്? അവൻ തിന്മയെ നന്മ കൊണ്ടു നേരിട്ടു. ചിന്തയിലോ സ്വഭാവത്തിലോ പ്രവൃത്തിയിലോ അവനിൽ യാതൊരു തെറ്റും സംഭവിച്ചിരുന്നില്ല.

ക്രിസ്തുവിനെ നിന്ദിച്ചപ്പോൾ, ശകാരിച്ചപ്പോൾ, പരിഹസിച്ചപ്പോൾ, ശാരീരികമായി ഉപദ്രവിച്ചപ്പോൾ എല്ലാം അവൻ ശാന്തനായി കീഴ്പ്പെട്ടിരുന്നു. അവൻ പാപംചെയ്തില്ല. അവന്റെ

വായിൽ നിന്നു വഞ്ചനയൊന്നും പുറപ്പെട്ടില്ല. എല്ലാം സഹിച്ച് ദൈവത്തിൽ ഭാരമേൽപ്പിക്കയായിരുന്നു അവൻ. മറ്റുള്ളവർ ശകാരിക്കുമ്പോൾ തിരിച്ചു ശകാരിക്കാതിരിക്കയോ ഭീഷണി പറയാതിരിക്കയോ ചെയ്യുന്ന മനോഭാവം അനുകരിക്കത്തക്കതാണ്. ഒടുവിൽ അവർക്കു വേണ്ടി പ്രാർത്ഥിക്കുക കൂടെ ചെയ്യുന്നുണ്ട്.

ഇന്നു നമുക്കു ചുറ്റും കാണപ്പെടുന്ന സ്വഭാവവും യേശുവിന്റേതുമായി താരതമ്യം ചെയ്താൽ എത്ര വ്യത്യാസത്തിലാണ് നമുക്കു ദർശിക്കാൻ കഴിയുന്നതു എന്നോർക്കുക. ശകാരത്തിനും ദേഷ്യപ്പെടലിനും കിട്ടുന്ന പ്രതികരണം വിചിത്രമായിരിക്കും. അക്രമത്തെയും ഭീഷണിയെയും ശാന്തമായിട്ടാണ് യേശുക്രിസ്തു അഭിമുഖീകരിച്ചത്. പ്രകോപനം തീരെയില്ലാത്ത സംയമനം പാലിച്ചവനായിരുന്നു കർത്താവ്. അറുക്കുവാൻ കൊണ്ടു പോകുന്ന ഒരാടിനെ പോലെ വായ് തുറക്കാതെ മൗനമായിട്ടാണ് അവനെ ക്രൂശിക്കാൻ കൊണ്ടുപോയപ്പോൾ യേശു പോയത്. അതിന്റെയർത്ഥം അക്രമത്തെ ചെറുക്കരുതു എന്നല്ല. പക്ഷെ അതു താഴ്മയോടെയാണ്. പ്രതികാരം നമുക്കുള്ളതല്ല. യേശുക്രിസ്തു കാണിച്ചു തന്ന മാതൃകയാണ് നാം അനുവർത്തിക്കേണ്ടത്.

## ക്രിസ്തുവിന്റെ കഷ്ടതയുടെ ഉദ്ദേശം

നമുക്കു അനുകരിക്കാവുന്ന ഒരു പെരുമാറ്റമാണ് ഇത്തരം സന്ദർഭങ്ങളിൽ ഉണ്ടാകേണ്ടതെന്ന ഒരു നല്ല ബന്ധത്തെ പത്രൊസ് വ്യക്തമാക്കുന്നുണ്ട്. അതിൽ കൂടുതൽ അവന്റെ കഷ്ടം നമ്മെ പഠിപ്പിക്കുന്നു. നമ്മുടെ എല്ലാവരുടെയും പ്രയോജനത്തിനു വേണ്ടിയാണ് ക്രിസ്തു കഷ്ടമനുഭവിച്ചതെന്നു പത്രൊസ് പ്രസ്താവിച്ചിട്ടുണ്ട്. അവൻ നമ്മുടെ പാപങ്ങളെ ചുമന്നു. അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം കിട്ടി.

യേശുവിന്റെ ക്രൂശിലെ മരണം നമുക്കു വേണ്ടിയുള്ള യാഗമായിരുന്നു. പാപ പരിഹാര യാഗമായിട്ടാണ് അതു തീർന്നതു. യേശയ്യാ പ്രവാചകന്റെ പ്രവചനമാണ് പത്രൊസ് ഉദ്ധരിച്ചത്. (യെശയ്യാവ് 55:5) പാപ ക്ഷമാപണം ഏവർക്കും ലഭ്യമാകേണ്ടതിനാണ് മനുഷ്യപുത്രനായിരുന്ന ക്രിസ്തു ഉപദ്രവം സഹിച്ചത്. അതിന്റെ ഫലം നമുക്കെങ്ങനെ കിട്ടുന്നു എന്നു നാം അറിയണം. പാപസംബന്ധമായി മരിച്ചാൽ നീതിസംബന്ധമായി ജീവിക്കാം (റോമർ 6:2–4).

✶

## സ്നാനത്തിന്റെ ഉദ്ദേശം ദൈവത്തെ അനുസരിക്കയോ ?

ഡെന്നിസ്. ജി

സ്നാനം ഇന്നു മതപരമായി വളരെ വിവാദങ്ങൾ ഉന്നയിക്കാനുള്ള വിഷയമായി തീർന്നിരിക്കുന്നു. ചിലർ സ്നാനത്തെ കുറിച്ചു മനസിലാക്കിയെടുക്കുന്നവരുണ്ട്. മനസിലാക്കാതെ എടുക്കുന്നവരും കാണാം. എന്നാൽ ദൈവം അംഗീകരിക്കത്തക്കവണ്ണം ഒരു വ്യക്തി ഈ വിഷയത്തെ എത്രമാത്രം ഗ്രഹിച്ചിരിക്കണം? സ്നാനം പാപങ്ങളുടെ മോചനത്തിനു വേണ്ടിയാണ് എന്നു അതെടുക്കുന്ന ഒരാൾ അറിയേണ്ടതുണ്ടോ? പാപത്തിൽ ജീവിക്കുന്ന ഒരാൾ അറിയേണ്ടതുണ്ടോ? പാപത്തിൽ ജീവിക്കുന്ന ഒരാൾ ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏല്ക്കുമ്പോൾ അയാളുടെ പാപങ്ങൾ ക്ഷമിച്ചുകിട്ടുമെന്നു അറിയേണ്ടതല്ലേ? (ഗലാത്യർ 3:17). ദൈവത്തെ അനുസരിക്കുന്ന കല്പനകളിൽ സ്നാനവും ഊന്നപ്പെട്ടിരിക്കുന്നു എന്നതു ഒരാൾ

മനസിലാക്കേണ്ടതുണ്ടോ? ചിലർ, സ്നാനം കൂടാതെ ദൈവം പാപങ്ങൾ മോചിക്കുന്നു എന്നു ധരിച്ചു വച്ചിരുന്നാലും സത്യ മായ അറിവു അനിവാര്യമത്രെ.

സ്നാനപ്പെടുന്നത് നാം തിരിഞ്ഞെടുക്കുമ്പോൾ അതു എന്തിനു വേണ്ടിയാണെന്നതു പ്രാധാന്യമർഹിക്കുന്ന കാര്യമാ ണ്. സ്നാനത്തിനു നമ്മെ പ്രേരിപ്പിക്കുന്ന വിശ്വാസമോ ക്രിസ്തു വിനെ അനുസരിക്കുക എന്നതാണ്. സ്നാനം എന്നതു വിശ്വാ സിയുടെ വിവാഹാഘോഷമാണ്. ഭൗതികമായ സ്നാനം എന്ന പ്രവൃത്തി ക്രിസ്തു നമ്മെ പഠിപ്പിച്ചതാണ്. എന്തിനെങ്കിലും വേണ്ടി സ്നാനം ഏറ്റിട്ടു അതു ക്രിസ്തുവിനെ അനുസരിക്കുന്ന തിനു വേണ്ടിയാണെന്നു പറയുന്നതു നിരർത്ഥകമാണ്. വിശ്വ സിക്കുന്ന മാത്രയിൽ തന്നെ ഒരാൾ രക്ഷിക്കപ്പെടുന്നു എന്നു വിശ്വസിക്കുകയും പിന്നീട് ക്രിസ്തുവിന്റെ അനുസരിക്കുവാൻ സ്നാനമേല്ക്കുന്നു എന്നു പറകയും ചെയ്താൽ അതു വാസ്ത വത്തിൽ ക്രിസ്തുവിനെ അനുസരിക്കുന്നതാണോ? ചിലർ അതെ എന്നു പറയും. എന്നാൽ ബൈബിൾ പറയും അല്ല എന്ന്. ബൈബിൾ കല്പനകളെ അനുസരിക്കുമ്പോൾ പറയും അല്ല എന്ന്. ബൈബിൾ കല്പനകളെ അനുസരിക്കുമ്പോൾ മാനുഷിക കാരണങ്ങൾ കണ്ടെത്തുന്നതു ദൈവികമല്ല. അജ്ഞതായിലുള്ള പ്രവൃത്തിൾ അറിഞ്ഞു അനുസരിക്കുന്നതിനു പകരമാവില്ല. യേശു പഠിപ്പിച്ചതു: വിശ്വസിക്കുകയും സ്നാനമേല്ക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും എന്നാണ് (മർക്കൊസ് 16:16). അതാ യതു വിശ്വാസം + സ്നാനം = രക്ഷ എന്നാണ്. മറിച്ചുള്ള കാഴ്ച്ച പ്പാട് അനുസരണക്കേടാണ്.

മറ്റൊരുകൂട്ടം ആളുകൾ കൃപയാലും വിശ്വാസത്താലും രക്ഷിക്കപ്പെടുന്നു എന്നു പറയുന്നുണ്ട്. അതിനോടു മാത്രം എന്ന പദം കൂടെ ചേർക്കുന്നതു കർത്താവിന്റെ ഉപദേശത്തെ മലിന പ്പെടുത്തുന്നതിനോടു തുല്യമാണ്. ദൈവ കൽപ്പന അനുസരി ക്കാതിരിക്കാൻ കാരണം കണ്ടെത്തുന്നവർ ധാരാളമുണ്ട്. കർത്താ വിന്റെ വഴിയിൽ വേണം അവനെ അനുസരിക്കുവാൻ. വഴി മാറി സഞ്ചരിച്ചിട്ടു കർത്താവിനെ അനുസരിച്ചാണ് ചെയ്തതു എന്നു പറഞ്ഞാൽ അതു വസ്തുതകൾക്കു നിരക്കാത്തതായിരിക്കും. കർത്താവു ഓരോ കാര്യം ചെയ്യാൻ പറയുമ്പോഴും അതിന്റെ കാര്യകാരണ സഹിതമാണ് പറഞ്ഞിരിക്കുന്നതും. ആ കാര ണത്തെ മാറ്റി മറ്റെന്തെങ്കിലും കാരണത്തിനായി ചെയ്താൽ അതെ ങ്ങനെ ദൈവ മുൻപാകെ ശരിയാകും? അനുസരിക്കുന്നതു ക്രിസ്തുവിനെയായാൽ മാത്രമെ അവൻ അംഗീകരിക്കയുള്ളു. വേറൊർത്ഥത്തിൽ പറഞ്ഞാൽ ക്രിസ്തുവാണ് നമ്മുടെ അനുസ രണത്തെ അംഗീകരിക്കേണ്ടതു എന്നർത്ഥം. പഴയ നിയമത്തിലും പുതിയ നിയമത്തിലും ദൈവത്തെ പൂർണ്ണമായി അനുസരിച്ച വർ ഈ തത്വം പാലിച്ചിരുന്നു.അവർ ദൈവോദ്ദേശം മനസ്സിലാക്കി അനുസരിച്ചു.

ശരിയായ ഉദ്ദേശത്തിനുവേണ്ടി സ്നാനമേൽക്കാത്ത വർക്കു അതിന്റെ ശരിയായ ഫലവും കിട്ടുകയില്ല. യേശുക്രി സ്തുവിന്റെ അപ്പോസ്തലനായിരുന്ന പത്രോസിന്റെ ആദ്യത്തെ പ്രസംഗത്തിൽ അവൻ സ്നാനത്തിന്റെ ഉദ്ദേശം വ്യക്തമാക്കിയി ട്ടുണ്ട്. എങ്ങനെ എടുക്കണമെന്നും പറഞ്ഞിട്ടുണ്ട്. (പ്രവൃത്തി 2:38). ഖേദകരമെന്നു പറയട്ടെ പുതിയ നിയമ സഭയുടേതിൽ നിന്നും വളരെ വ്യത്യസ്തമായിട്ടാണ് വിഭാഗത്തിലുള്ളവർ

അതിനെ മാറ്റി മറിച്ചിരിക്കുന്നതു. അവരുടെ സ്ഥാപിത താൽപ ര്യമോ, പാരമ്പര്യമോ, സൗകര്യമോ ഒക്കെ അതിനു പറഞ്ഞു കേൾക്കാറുണ്ട്. അവർ പല വിധത്തിലും പല ഉദ്ദേശങ്ങൾക്കു മായി സ്നാനത്തെ ഉപയോഗിക്കുമ്പോൾ അതെങ്ങനെ ക്രിസ്തു വിനെ അനുസരിക്കുന്നതാകും?

അനുസരണം എന്ന പദത്തിനു അവർ കണ്ടെത്തിയ അർത്ഥം വിചിത്രം തന്നെ. കർത്താവു ചെയ്യാൻ പറഞ്ഞിരിക്കു ന്നതു ചെയ്യാതെ കർത്താവു കൽപ്പിച്ച കൽപ്പനകളിലെ യഥാർത്ഥ കാരണം കണ്ടെത്താതെ മറ്റു കാരണങ്ങൾ കണ്ടെത്തുന്നത് വിരോ ധാഭാസമാണ്. ലോകത്തിൽ ഇന്നും എന്നും നടക്കുന്ന കാര്യമാ ണിതു. ഒരാൾ സ്നാനപ്പെടുന്നതു പരമാർത്ഥത്തിൽ അന്തരീക്ഷ ത്തിൽ മുഷ്ടി യുദ്ധം ചെയ്യുന്നതുപോലെയാണ്. ഉദ്ദേശവും ഫലവും തിരിച്ചറിഞ്ഞു കഴിഞ്ഞാൽ അതിന്റെ അനന്തര ഫലം നിശ്ചയമായിരിക്കും.

✶

*Watch!*

# SATHYANADAM

## TV PROGRAME

## TRUE GOSPEL MESSAGE

## Speaker:

## Bro.P.K. VARGHESE

## Saturday 6 am to 6.30 am

## On JAI HIND CHANNEL

കേൾക്കുക!

# സത്യനാദം

ബ്രദർ.

**പി.കെ വർഗ്ഗീസ്**

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!

The English Voice of Truth is available.
One can contact Philemon or Kingsley at:
P.C. Philemonrajah, P.O. Box 15, 45 C/1 Church Lane,
Coronation Street, Arasardi, Madurai 625016
Mobile : 9244204420, 9244214421(Kingsley), 0452-2607026(Landline)

## Gospel Preaching On Television & Radio

| | | |
|---|---|---|
| Tamil : | Nambikkai TV | - Every Saturday at 8.00 pm |
| | Tamilan TV | - Every Monday at 6.00 pm |
| | Speaker : **Arjunan** | |
| | Tamilan TV | - Every Sunday at 6.45 am |
| | Nambikkai TV | - Every Sunday at 3.30 pm |
| | Speaker : **Philemon & Kingsley** | |
| | Tamilan TV | - Every Monday at 7.00 am<br>Every Thursday at 9.30 pm<br>Every Saturday at 7.15 am |
| | Speaker : **Rajanayagam** | |
| Hindi : | Subhasandesh TV | - Every Sunday & Tuesday at 7.00 pm |
| | Speaker : **Sunny, Francis & Vinay David** | |
| Malayalam : | Jai Hind TV | - Every Saturday at 6.00 am |
| | Speaker : **P. K. Varghese** | |
| Telugu : | Subhavartha TV | - Every Sunday 6.00 pm |
| | Rakshana TV | - Every Wednessday 6.30 pm |
| | Rakshana TV | - Every Thursday 11.00 am |
| | Sathyavani TV | - Every Wed & Friday 8.00 pm<br>www.sakthitv.in |
| | Aradhana TV | - Every Saturday at 6.30 am |
| | Kanthi TV | - Everyday at 7.30 am & 3.30 pm |
| | Speakers : **Joshua & Ricky Gootam** | |
| Manipur : | TC Network | - Every Monday at 6.30 pm |
| | TC Network | - Every Wed. & Friday at 6.00 am |
| | Speaker : **Thang Lien** | |

*Join us to worship God in Spirit and Truth*
*The*

# CHURCH OF CHRIST

Meets at T.C. 27/225
Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**
**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India


From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378


To